പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച കേസിൽ ഒളിവിൽ കഴിഞ്ഞ പ്രതി പിടിയിൽ. പാലക്കാട് നെല്ലിയാമ്പതി പുല്ലുകാട് കോളനിയിൽ മണികണ്ഠൻ (38) ആണ് കാലടി പോലീസിൻറെ പിടിയിലായത്. 2012 ൽ ആണ് സംഭവം. കോടതി നടപടികൾക്കിടയിൽ ഒളിവിൽ പോവുകയായിരുന്നു ഇയാൾ. റൂറൽ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക്കിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് അറസ്റ്റ് ചെയ്തത്. എസ്.എച്ച്. ഒ ബി. സന്തോഷ്, എസ്.ഐ പ്രശാന്ത് പി.നായർ, സീനിയർ സിവിൽ പോലീസ് ഓഫിസർമാരായ എൻ.പി അനിൽകുമാർ, ഷൈജു, പ്രിൻസ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.